**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3480 12/12/2014-ൽ മറുപടിയ്ക്ക്

## ജൈവകൃഷി വ്യാപിപ്പിക്കുന്നതിനു നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.വി.ശ്രേയാംസ് കുമാർ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | എ) 10.02.2010 ലെ സ.ഉ(പി)39/10/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൃഷി ചെയ്തു വരുന്ന വിളകൾക്കും, അവ കൃഷി ചെയ്യുന്ന സ്ഥലത്തിനും ഊന്നൽ നൽകി ഘട്ടംഘട്ടമായി കേരളത്തെ ഒരു സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനു മുന്നോടിയായി സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാനം എന്ന പരിപാടിയുടെ നടത്തിപ്പ് ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തു തല കാർഷിക വികസന സമിതി യോഗങ്ങൾ, പഞ്ചായത്തു തല കർഷകരുടെ യോഗങ്ങൾ, വിവര ശേഖരണം, എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ ഓരോ നിയോജക മണ്ഡലത്തിലും കൃഷി അനുബന്ധ മേഖലാ ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, മറ്റു പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള യോഗങ്ങൾ എന്നിവ നടക്കുന്നു. ഓരോ നിയോജക മണ്ഡലത്തിലും അനുയോജ്യമായ കർമ്മ പരിപാടികൾ ക്രോഡീകരിച്ച് ജില്ലാതലത്തിൽ ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കുന്നതാണ്.<br><br>സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികളായ ജൈവകൃഷി വ്യാപനവും, ജൈവ സർട്ടിഫിക്കേഷനും, മണ്ണിര കമ്പോസ്റ്റ് നിർമ്മാണവും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം നടപ്പിലാക്കിവരുന്നു. |

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവപച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്

ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലേക്കാണ് ജൈവകൃഷി വ്യാപിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

ബി) 2012-ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവകൃഷി വ്യാപനം, പ്രോത്സാഹന പദ്ധതികൾ എന്നിവ തുടരുന്നു. കൂടാതെ 2014-15-ൽ പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 500 ഹെക്ടർ വീതം പ്രദേശത്ത് ജൈവകൃഷി വ്യാപനവും, സർട്ടിഫിക്കേഷനും നടപ്പിലാക്കുന്നതിന് 3 വർഷം നീണ്ടു നിൽക്കുന്ന പദ്ധതിക്ക് ആർ.കെ.വി.വൈ യിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവഹണം ആരംഭഘട്ടത്തിലാണ്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ 2014-15 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും എന്ന ഘടകം നടപ്പിലാക്കുന്നതിന്റെ ആദ്യ ഘട്ടമായി 500 ഹെക്ടർ വീതം ഭൗതിക ലക്ഷ്യം കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിലാണ് വ്യാപിപ്പിക്കുന്നത്.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് ജൈവകൃഷി വ്യാപിപ്പിക്കുന്നത്.

സി) ഏതെല്ലാം വിളകൾക്കാണ് ഇത്തരത്തിലുള്ള കൃഷി രീതി ഉപയോഗപ്രദമാകുന്നതെന്ന് വിശദമാക്കുമോ?

സി) എല്ലാ ഭക്ഷ്യ വിളകൾക്കും പ്രത്യേകിച്ച് പച്ചക്കറി ഫലവർഗ്ഗ കൃഷിക്ക് ജൈവകൃഷി രീതി ഉപയോഗപ്രദമാണ്. ജൈവകൃഷിയിലേക്ക് മാറുമ്പോൾ ആ കൃഷിയിടത്തിലെ എല്ലാവിളകളും ജൈവകൃഷി രീതിയിൽ മാത്രമേ കൃഷി ചെയ്യാൻ പാടുള്ളു എന്നതിനാൽ മറ്റു വിളകളിലേയ്ക്കും ജൈവ കൃഷി വ്യാപിപ്പിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**